**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5218** **21-03-2025 - ൽ മറുപടിയ്ക്ക്**

**കാർഷിക അഭിവൃദ്ധിക്ക് നീർത്തടാധിഷ്ഠിത ആസൂത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീമതി യു പ്രതിഭ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പ്രകൃതിയുടെ പ്രത്യേകതകൾക്കനുസരിച്ച് നീർത്തടാധിഷ്ഠിത ആസൂത്രണം കാർഷിക അഭിവൃദ്ധിയ്ക്ക് അത്യന്താപേക്ഷിതമായതിനാൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ; | (എ) | **നീർത്തടാടിസ്ഥാനത്തിലുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളാണ് മണ്ണ് പര്യ വേഷണ മണ്ണ് സംരക്ഷണ വകുപ്പ് പ്രധാനമായും നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ എല്ലാ നീർത്തടങ്ങളുടെയും മുൻഗണന നിശ്ചയിച്ച് അതിൽ നിന്നും ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് നീർത്തട വികസന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നു. RIDF, NIDA, RKI, സൂക്ഷ്മ നീർത്തടങ്ങളുടെ വികസനം, മണ്ണിടിച്ചിൽ പ്രതിരോധ പദ്ധതികൾ തുടങ്ങിയവയിലെല്ലാം പ്രധാനമായും നീർത്തട വികസന പദ്ധതികളാണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ എല്ലാ നീർത്തടങ്ങളുടെയും മുൻഗണന മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് നിശ്ചയിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ നീർത്തട വികസന പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പരിശീലനങ്ങൾ വകുപ്പ് നൽകി വരുന്നുണ്ട്** |
| (ബി) | നീർത്തട പദ്ധതികളുടെ അടിസ്ഥാനത്തിൽ നദീതട പദ്ധതികൾ രൂപീകരിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (ബി) | നീർത്തട പദ്ധതികളുടെ അടിസ്ഥാനത്തിൽ നദീതട പദ്ധതികൾ കൃഷി വകുപ്പ് തയ്യാറാക്കുന്നില്ല. എന്നാൽ കാർഷിക പാരിസ്ഥിതിക മേഖലയുടെയും യൂണിറ്റുകളുടെയും അടിസ്ഥാനത്തിൽ പ്രാദേശിക പ്രത്യേകതകളും കാലാവസ്ഥയും അതിലുണ്ടാകുന്ന മാറ്റങ്ങളും കണക്കാക്കി കാർഷിക വിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും വിളവെടുപ്പ് കാര്യക്ഷമമാക്കുന്നതിനും വിളവെടുപ്പാനന്തര നഷ്ടം കുറയ്ക്കുന്നതിനുമായി കാർഷിക കലണ്ടർ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | പദ്ധതിയുടെ ഭാഗമായി വിള കലണ്ടർ തയ്യാറാക്കി അതിനനുസൃതമായി കാർഷിക വൃത്തികൾ ആസൂത്രണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | നീർത്തട പദ്ധതികളുടെ അടിസ്ഥാനത്തിൽ നദീതട പദ്ധതികൾ കൃഷി വകുപ്പ് തയ്യാറാക്കുന്നില്ല. എന്നാൽ കാർഷിക പാരിസ്ഥിതിക മേഖലയുടെയും യൂണിറ്റുകളുടെയും അടിസ്ഥാനത്തിൽ പ്രാദേശിക പ്രത്യേകതകളും കാലാവസ്ഥയും അതിലുണ്ടാകുന്ന മാറ്റങ്ങളും കണക്കാക്കി കാർഷിക വിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും വിളവെടുപ്പ് കാര്യക്ഷമമാക്കുന്നതിനും വിളവെടുപ്പാനന്തര നഷ്ടം കുറയ്ക്കുന്നതിനുമായി കാർഷിക കലണ്ടർ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ